ആലപ്പുഴ മെഡിക്കൽ കോളേജ് പൂർണ്ണമായും വണ്ടാനത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ ഹോസ്റ്റൽ സ്ഥാപിച്ചു. ഹൗസ് സർജന്മാരുടെ താമസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കി.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ നബാർഡിന്റെ സഹായത്തോടുകൂടി പുതിയ ഐ.പി. ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. ചൈൽഡ് ഹെൽത്തിനും മെറ്റേണിറ്റി വിഭാഗത്തിനുമായി പുതിയ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്പോർട്സ് മെഡിസിനുമായി ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉത്തരവായി.

(ഡി&ഇ) എച്ച്.എൽ.എൽ. ലൈഫ് കെയറിന്റെ സഹകരണത്തോടുകൂടി 3 മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ.സ്കാൻ സ്ഥാപിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി.ഡി. പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. പുതിയ ആധുനീകരിച്ച ലേബർ റൂം, ബ്ലഡ് ബാങ്കും പുതിയ കാത്ത് ലാബും സ്ഥാപിച്ചു. തൃശ്ശൂരും കോഴിക്കോടും എം.ആർ.ഐ. സ്കാൻ സ്ഥാപിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി. ഒ.പി. സ്ഥാപിച്ചു.

(എഫ്) പ്രസ്തുത കാലയളവിൽ മെഡിക്കൽ കോളേജുകൾക്കുവേണ്ടി പ്ലാൻ ഇനത്തിൽ ചെലവായ തുക താഴെകൊടുക്കുന്നു.

2006-07 - 26.92 കോടി

2007-08 - 14.47 "

2008-09 - 17.86 "

2009-10 - 35.55 "

2010 to January 2011 - 10.51 "

ഹൗസ് സർജൻസി പൂർത്തിയാക്കുന്നതിന് കാലപരിധി

35 (1757) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ബി.ബി.എസ്., ബി.എച്ച്.എം.എസ്., ബി.എ.എം.എസ്. എന്നീ ഡിഗ്രി കോഴ്സുകൾ കഴിഞ്ഞുള്ള ഹൗസ് സർജൻസി പൂർത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് എത്രയാണെന്നും, ബന്ധപ്പെട്ട നിയമവ്യവസ്ഥ ഏതാണെന്നും വെളിപ്പെടുത്തുമോ ;

(ബി) അനാരോഗ്യമോ, മറ്റ് അവിചാരിത കാരണങ്ങളാലോ, ഹൗസ് സർജൻസി പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് കാലപരിധി നീട്ടി നൽകാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ അതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയന്ത്രണാതീത സാഹചര്യങ്ങളിൽ ഹൗസ് സർജൻസി പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് അതു പൂർത്തിയാക്കാൻ ആവശ്യമായ സമയം അനുവദിക്കാനുള്ള നിയമവ്യവസ്ഥയില്ലെങ്കിൽ അതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി

36 (1758) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ തൃശൂർ മെഡിക്കൽ കോളേജിന് മാത്രം സ്വന്തമായി കെട്ടിടം ഇല്ലെന്ന കാര്യവും തന്മൂലം മെഡിക്കൽ കോളേജിലെ ഓഫീസ് റൂം, ലക്ചർ ഹാൾ, നോൺ ക്ലിനിക് ഡിപ്പാർട്ട്മെന്റുകൾ എന്നിവ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന കാര്യവും, ഇവ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും സ്ഥിതി പരിതാപകരമാണെന്ന വസ്തുതയും മൈക്രോബയോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂരയുടെ ഒരു ഭാഗം അടർന്നുവീണ സംഭവവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) തൃശൂർ മെഡിക്കൽ കോളേജിന് അനുവദിച്ച അക്കാദമി കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ അക്കാദമി കോംപ്ലക്സിന്റെ നിർമ്മാണം ഉടനെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി 3374 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഉടുമ്പൻചോല മണ്ഡലത്തിലെ ആശുപത്രികൾക്ക് അനുവദിച്ച എൻ.ആർ.എച്ച്.എം. ഫണ്ട്

37 (1759) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം ആശുപത്രികൾക്ക് എൻ.ആർ. എച്ച്. എം. ഫണ്ട് അനുവദിച്ചിട്ടുണ്ട് ; എത്ര തുക വീതം അനുവദിച്ചു ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ ആണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly